വി.സി. 07/2013/റ്റി.എസ്.ആർ.) തെളിവില്ലാത്തതിനാൽ മേൽ നടപടികൾ ഒഴിവാക്കണമെന്ന അന്തിമ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. ശ്രീ. അടൂർ പ്രകാശ് 2004-2006 കാലയളവിൽ പൊതുവിതരണ വകുപ്പ് (സിവിൽ സപ്ലൈസ്) കൈകാര്യം ചെയ്തിരുന്ന സമയത്ത് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി എ.ഡബ്ല്യു.ഡി.-ക്കുവേണ്ടി അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്ന ആളിൽനിന്ന് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട വി.സി. 02/2008/എൻ.ആർ.കെ. എന്ന കേസ് നിലവിലുണ്ട്.

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്

239 (1983) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിൽ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്?

ഉത്തരം

ഈ സർക്കാരിലുള്ള ഒരു മന്ത്രിക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്. ശ്രീ. അടൂർ പ്രകാശിനെതിരെ വി.സി.2/08/എൻ.ആർ.കെ. നമ്പരിൽ ഒരു വിജിലൻസ് കേസ് അന്വേഷണത്തിലാണ്.

ജയിലുകളുടെ നവീകരണം

240 (1984) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകൾ നവീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുവാനായി കമ്മീഷനെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പല ജയിലുകളിലും വിചാരണ തടവുകാരുടെയും ശിക്ഷാ തടവുകാരുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി കരുതുന്നുണ്ടോ;

(സി) പലയിടത്തും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജയിലുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ജയിലുകളിൽ 6217 തടവുകാരെ പാർപ്പിക്കുവാനുള്ള ശേഷിയാണുള്ളത്. എന്നാൽ ഏകദേശം 7000-ത്തിലധികം തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി 500 തടവുകാരെ പാർപ്പിക്കുവാൻ സൗകര്യമുള്ള അതിസുരക്ഷാ ജയിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തവനൂർ സെൻട്രൽ ജയിൽ, മുട്ടം, മലമ്പുഴ എന്നീ ജില്ലാ ജയിലുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇവയുടെ നിർമ്മാണം കൂടി പൂർത്തിയാകുമ്പോൾ തടവുകാരെ പാർപ്പിക്കുന്നതിന് ആവശ്യമുള്ളതിലധികം സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, വാർഷിക പദ്ധതികൾ എന്നിവ പ്രകാരം ലഭിച്ച തുകകൾ വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പുതിയതായി ആരംഭിച്ചിട്ടുള്ള ജയിലുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള വാർഡർ ജീവനക്കാരെ പുന:ക്രമീകരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

ജയിലുകളിലുള്ള കുട്ടികളുടെ പരിപാലനം

241 (1985) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ അമ്മമാർക്കൊപ്പം കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസം, മാനസിക, ശാരീരിക വളർച്ച, ബുദ്ധി വികാസം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുട്ടികളുടെ സംരക്ഷണത്തിനായും പരിപാലനത്തിനായും പ്രത്യേകിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇവരുടെ പരിപാലനം ഉറപ്പുവരുത്തുന്നതെന്ന് അറിയിക്കുമോ;

(സി) സാമൂഹിക നീതി വകുപ്പ് അംഗനവാടികൾ വഴി ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ;

(ഡി) കുട്ടികളെ പാർപ്പിക്കാൻ സൗകര്യമില്ലാത്ത ജയിലുകളിൽ ഇത്തരം തടവുകാരെ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം തടവുകാരെ സൗകര്യമുള്ള ഇടത്തേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly